## തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത്: സി. രവി**

*വിഷയം :-* *വനം വകുപ്പ് - ജീവനക്കാര്യം - ഡ്രൈവർമാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.*

*സൂചന :-*
1. *ജി.ഒ.(പി) 85/2011/വനം തീയതി 26.02.2011.*
2. *25.05.2009-ലെ ഇ2-20714/2007 നമ്പർ ഉത്തരവ്.*
3. *09.06.2010-ലെ ഇ2-16221/09 നമ്പർ ഉത്തരവ്.*
4. *ശ്രീ. പി.വി. ഉല്ലാസൻ, ഡ്രൈവറുടെ 10.03.2011-ലെ അപേക്ഷ.*

### ഉത്തരവ് നമ്പർ ഇ2- 16221/09 തീയതി 18.05.2011

സൂചന (1)ലെ സർക്കാർ ഉത്തരവ് പ്രകാരം, 10% സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികകളെ 14620-25280 രൂപാ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ഡൈവർ തസ്തികകളാക്കി ഉയർത്തിയിട്ടുണ്ട്. വനം വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള 224 ഡ്രൈവർ തസ്തികകളിൽ 44 എണ്ണം നിലവിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികകളാണ്. മേൽ വിവരിച്ച സർക്കാർ ഉത്തരവ് പ്രകാരം ഇതിൽ നാല് സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികകളെ 01.02.2011 തീയതി പ്രാബല്യത്തിൽ സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികകളാക്കി ഉയർത്തിക്കൊണ്ട് താഴെപ്പറയുന്ന സീനിയർ ഗ്രേഡ് ഡ്രൈവർമാർക്ക് 01.02.2011 തീയതി പ്രാബല്യത്തിൽ 14620-25280 രൂപാ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ഡ്രൈവർമാരായി പ്രൊമോഷൻ അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | റിട്ടയർ ചെയ്യുന്ന തീയതി |
|---|---|---|---|
| 1. | പി.എസ്. ഫ്രാൻസിസ് | 1 | 31.03.2011 |
| 2. | ആർ. സുരേന്ദ്രൻ | 2 | 31.03.2011 |
| 3. | ബാബു ജോർജ്ജ് | 3 | 31.03.2011 |
| 4. | എം.വി. കരുണാകരൻ | 4 | 31.03.2011 |

മേൽ പട്ടികയിലെ 4 പേരും 31.03.2011-ൽ റിട്ടയർ ചെയ്തിട്ടുള്ള സാഹചര്യത്തിൽ സൂചന (2)ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഡ്രൈവർമാരുടെ 01.01.2008 തീയതി കണക്കാക്കിയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ തൊട്ടടുത്ത സീനിയറായ 4 സീനിയർ ഗ്രേഡ് ഡ്രൈവർമാർക്ക് 01.04.2011 തീയതി പ്രാബല്യത്തിൽ സെലക്ഷൻ ഗ്രേഡ് ഡ്രൈവർമാരായി സ്ഥാനക്കയറ്റം നൽകേണ്ടതുണ്ട്. ടി സീനിയോറിറ്റി ലിസ്റ്റിൽ 38-ാം ക്രമനമ്പരായിട്ടുള്ള ശ്രീ. പി.വി. ഉല്ലാസൻ താൻ 04.02.1987-ൽ സേവനത്തിൽ പ്രവേശിച്ചുവെങ്കിലും 18.04.1992 മുതൽ 23.11.1994 വരെ ശൂന്യവേതനാവധിയിൽ പോയിരുന്നു എന്ന കാരണത്താൽ തന്റെ സീനിയോറിറ്റി 24.11.1994 എന്നായി ക്രമപ്പെടുത്തിയിരിക്കുന്നത് പുനഃപരിശോധിക്കണമെന്നും അത് ടി ലിസ്റ്റിൽ 11-ാം ക്രമനമ്പരിന് അർഹമാണെന്നും സൂചന നാലിലെ കത്തു മുഖേന അപേക്ഷിച്ചിട്ടുണ്ട്. ശൂന്യവേതനാവധിയിൽ പ്രവേശിച്ചത് സീനിയോറിറ്റിയെ ബാധിക്കുകയില്ലാ എന്നതിനാൽ ടിയാന്റെ അപേക്ഷ പരിഗണിച്ച് ടിയാന്റെ സ്ഥാനം സൂചന (2)ലെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 10(എ) ആയി പുനർനിർണ്ണയിച്ചുകൊണ്ടും താഴെപ്പറയുന്ന 4 സീനിയർ ഗ്രേഡ് ഡ്രൈവർമാർക്ക് 01.04.2011 തീയതി പ്രാബല്യത്തിൽ 14620-25280 രൂപാ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ഡ്രൈവർമാരായി സ്ഥാനക്കയറ്റം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | റിട്ടയർ ചെയ്യുന്ന തീയതി |
|---|---|---|---|
| 1. | പൊൻമല സി. രാധാകൃഷ്ണൻ | 6 | 31.03.2012 |
| 2. | ആന്റണി വർഗ്ഗീസ് | 10 | 31.03.2013 |
| 3. | പി.വി. ഉല്ലാസൻ | 10(എ) | 31.03.2017 |
| 4. | സയ്യിദ് ഹാഷിം ഹുസൈൻ | 11 | 31.03.2012 |

മേൽപ്പറഞ്ഞ സ്ഥാനക്കയറ്റം മൂലം 4 ഒഴിവുകളും സീനിയർ ഗ്രേഡ് ഡ്രൈവർമാരായിരുന്ന ശ്രീ. എസ്. സഹദേവൻ (ക്രമനമ്പർ 15), ശ്രീ. പി. ഗിരിദാസ് (30), ശ്രീ. വി.വി. ചന്ദ്രശേഖരൻ (34) ശ്രീ. ജി. ശിവശങ്കരൻ നായർ (56) എന്നിവർ 31.03.2011-ൽ റിട്ടയർ ചെയ്തിട്ടുള്ളത് മൂലമുണ്ടായിട്ടുള്ള 4 ഒഴിവുകളും അടക്കം സീനിയർ ഗ്രേഡ് തസ്തികയിൽ 8 ഒഴിവുകകൾ വന്നിട്ടുണ്ട്. ടി ഒഴിവുകളിലേക്ക് താഴെപ്പറയുന്ന ഒന്നാം ഗ്രേഡ് ഡ്രൈവർമാർക്ക് 11620-20240 ശമ്പള സ്കെയിലിൽ തീയതി പ്രബല്യത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവർമാരായി സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ |
|---|---|---|
| 1. | കെ. ഷാജഹാൻ | 58 |
| 2. | പി. ബാലകൃഷ്ണൻ | 59 |
| 3. | എസ്. നഞ്ചൻ | 60 |
| 4. | ശിവദാസൻ. റ്റി.എൻ. | 61 |
| 5. | നാസർ. കെ.എ. | 62 |
| 6. | അശോക്കുമാർ. റ്റി | 63 |
| 7. | സ്റ്റീഫൻ. എ.ഡി. | 64 |
| 8. | മണികണ്ഠൻ. എൻ. | 65 |

മേൽ സ്ഥാനക്കയറ്റം മൂലം 8 ഒഴിവുകളും ഒന്നാം ഗ്രേഡ് ഡ്രൈവർമാരായിരുന്ന ശ്രീ. എ.ആർ. രവീന്ദ്രൻ (ക്രമനമ്പർ 74), ശ്രീ. പി.എൻ. മോഹനകുമാർ (81) എന്നിവർ 31.03.2011-ൽ റിട്ടയർ ചെയ്തിട്ടുള്ളതിനെ തുടർന്ന് 2 ഒഴിവുകളും ക്രമനമ്പർ 114-ലെ ശ്രീ. വി. സത്യപ്രകാശൻ വകുപ്പ് മാറിപ്പോയതിനെ തുടർന്നുണ്ടായിട്ടുള്ള ഒരു ഒഴിവും അടക്കം ഒന്നാം ഗ്രേഡ് തസ്തികയിൽ 11 ഒഴിവുകൾ വന്നിട്ടുണ്ട്. ടി ഒഴിവുകളിലേക്ക് താഴെപ്പറയുന്ന രണ്ടാം ഗ്രേഡ് ഡ്രൈവർമാർക്ക് 01.04.2011 തീയതി പ്രാബല്യത്തിൽ 10480-18300 രൂപാ ശമ്പള സ്കെയിലിൽ ഒന്നാം ഗ്രേഡ് ഡ്രൈവർമാരായി പ്രൊമോഷൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ |
|---|---|---|
| 1. | ആർ രാജീവൻ | 149 |
| 2. | പി. പ്രസന്നകുമാർ | 150 |
| 3. | ബിജു. എ.ജി. | 151 |
| 4. | സന്തോഷ് കുമാർ. കെ | 152 |
| 5. | ഗിരീഷ് കുമാർ. ആർ | 153 |
| 6. | വിജയൻ. വൈ | 154 |
| 7. | വേണു. കെ | 155 |
| 8. | ശശി. റ്റി.എസ്. | 156 |

| | | |
|---|---|---|
| 9. | ബാബുരാജ്. പി.ആർ | 157 |
| 10. | പ്രകാശ്. പി. | 158 |
| 11. | ഷിബുമോൻ. വൈ | 159 |

മേൽ വിവരിച്ച സ്ഥനാക്കയറ്റങ്ങൾ സൂചന (1)ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പള സ്കെയിലുകളിലാണ് അനുവദിച്ചിട്ടുള്ളത്. അതിന് സമാനമായ പഴയ ശമ്പള സ്കെയിലുകളിൽ സമയബന്ധിത ഹയർ ഗ്രേഡ് ലഭിച്ചിട്ടുള്ളവർക്ക് വീണ്ടും ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

09.06.2010-ൽ ഈ ഓഫീസിലെ ഇ2-16221/09-ാം നമ്പർ ഉത്തരവിൽ സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ 114 ആയ ശ്രീ. റഷീദ്. ടി.എയ്ക്ക് ഒന്നാം ഗ്രേഡ് ഡ്രൈവറായി റേഷ്യോ പ്രൊമോഷൻ അനുവദിച്ചിരുന്നു. എന്നാൽ ടി ഉത്തരവിൽ ടിയാന്റെ പേര് നൗഷാദ്. ടി.എ എന്നാണ് തെറ്റായി രേഖപ്പെടുത്തിയിരുന്നത്. സീനിയോറിറ്റി ലിസ്റ്റ് പ്രകാരം റഷീദ്. ടി.എ. ആയതിനാലും, മറയൂർ റെയിഞ്ചിൽ ഇപ്പോൾ ജോലി ചെയ്യുന്ന ശ്രീ. ടി.എ. റഷീദിന്റെ പരാതി പരിഗണിച്ച് സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ 144 ആയ ശ്രീ. റഷീദിനാണ് മേൽ ഉത്തരവ് പ്രകാരം ഒന്നാം ഗ്രേഡ് ഡ്രൈവറായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത് എന്നറിയിക്കുന്നു.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.**

**പകർപ്പ് :**

1. *വ്യക്തികൾക്ക് (മേലധികാരികൾ മുഖേന)*
2. *ഓഫീസ് അധികാരികൾക്ക്.*
3. *വനം വകുപ്പ് വെബ്സൈറ്റിൽ.*
4. *എച്ച് സെക്ഷന്.*
5. *പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പി.എ.യ്ക്ക്.*
6. *ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)ടെ സി.എ.യ്ക്ക്.*
7. *സ്റ്റോക്ക് ഫയൽ/സ്പെയർ.*
8. വനം വകുപ്പ് Web Site - ലേക്ക്